## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3540

15.03.2018 ൽ മറുപടിക്ക്

### പുതിയ വ്യവസായ സംരംഭകർക്ക് നൽകുന്ന സഹായങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | പുതിയ വ്യവസായ സംരംഭകർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി മുന്നോട്ട് വരുന്നവർക്ക് താഴെപറയുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുന്നു.<br>• സംരംഭകന്റെ പ്രായോഗിക പരിജ്ഞാനവും അനുഭവ സമ്പത്തും, അഭിരുചിയും കണക്കിലെടുത്ത് ഏത് പ്രോജക്ടിലാണ് അദ്ദേഹത്തിന് വിജയിക്കുവാൻ കഴിയുക എന്ന കാര്യത്തിൽ ഉപദേശം നൽകുന്നു.<br>• പ്രോജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്താൻ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ശുപാർശ ചെയ്യുന്നു.<br>• ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സംരംഭകന് വേണ്ടി ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നൽകുന്നു.<br>• വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് സഹായം നൽകുന്നു.<br>• ലൈസൻസുകളും, ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിന് ഗ്രീൻ ചാനൽ കൗണ്ടർ, സിംഗിൾ വിൻഡോ |

| | | | |
|---|---|---|---|
| | | | ക്ലിയറൻസ് ബോർഡ് എന്നിവ മുഖാന്തിരം സഹായം നൽകുന്നു.<br>• ബിസിനസ് ഇൻകുബേഷൻ സെന്റർ വഴി സംരംഭകന് സമഗ്രമായ അറിവും മറ്റ് സഹായങ്ങളും പ്രദാനം ചെയ്യുന്നു.<br>• സ്ഥല ലഭ്യതയ്ക്കനുസരിച്ച് വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും സ്ഥലം നൽകുന്നു.<br>• ജില്ലാതല മിനി വ്യവസായ സഹകരണ സംഘങ്ങൾ മുഖേന മിനി വ്യവസായ എസ്റ്റേറ്റുകളിൽ ഷെഡുകൾ പണിത് നൽകുന്നു.<br>• വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും പട്ടികജാതി / പട്ടികവർഗ്ഗ സംരംഭകർക്കായി ഷെഡ്ഡുകൾ ലഭ്യത അനുസരിച്ച് അനുവദിക്കുന്നു.<br>• അടിസ്ഥാന സൗകര്യങ്ങളായ ജലം , വൈദ്യുതി, റോഡ് തുടങ്ങിയവ ഒരുക്കി വ്യവസായ പാർക്കുകൾ നല്കിവരുന്നു.<br>• സംരംഭക സഹായ പദ്ധതി പ്രകാരമുള്ള സബ്സിഡി ആനുകൂല്യങ്ങൾ അർഹരായ സംരംഭകർക്ക് നൽകുന്നു.<br>• പുതിയ സാങ്കേതിക വിദ്യ, മാനേജ്മെന്റ് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും, സംരംഭകന് അറിവ് പകർന്ന് നൽകുന്നതിനും സെമിനാറുകൾ, നിക്ഷേപസംഗമങ്ങൾ, സംരംഭക ബോധവൽക്കരണ പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, സംരംഭകത്വ വികസന പരിപാടികൾ തുടങ്ങിയവ നടത്തുന്നു.<br>• സംസ്ഥാനത്ത് വ്യവസായ ആരംഭിക്കുന്നതിന് സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വ്യവസായ പാർക്ക് തലത്തിലും ഏകജാലകസംവിധാനം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.<br>• സൂക്ഷ്മ -ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി സംരംഭകത്വ സഹായ പദ്ധതി (ESS) മുഖാന്തരം സാമ്പത്തികാനുകൂല്യങ്ങൾ നല്കിവരുന്നു. |
| (ബി) | ഇതിനുവേണ്ടി എന്തെങ്കിലും ഏകജാലക സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ? | (ബി) | സംസ്ഥാനത്ത് ചെറുകിട വ്യവസായ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഏകജാലക സംവിധാനം ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.<br>വ്യവസായസംരംഭർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനവും കിൻഫ്രയുടെ എല്ലാ വ്യവസായ പാർക്കുകളിലും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഒരു ഓൺലൈൻ സംവിധാനവും പൊതുവായുള്ള ഒരു അപേക്ഷാഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാഫോറങ്ങൾ ഏകീകരിച്ച ഒരു അപേക്ഷാഫോറം) പ്രസ്തുത ഏകീകൃത അപേക്ഷാ ഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം കൊണ്ടുവരാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന എല്ലാ വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ലഭ്യമാക്കാവുന്നതാണ്.<br>വ്യവസായം തുടങ്ങുവാനുള്ള അനുമതികൾ കിട്ടുന്നതിനായി ഓൺലൈനിൽ കൂടി ലഭിക്കുന്ന അപേക്ഷകൾ കാലതാമസമില്ലാതെ പരിഗണിക്കുക, അവയുടെ പുരോഗതി വിലയിരുത്തുക, വിവിധ വകുപ്പുതല |

| | | | |
|---|---|---|---|
| | | | പരിശോധനകൾ ഏകോപിപ്പിക്കുക, നിശ്ചിത സമയത്തിനുള്ളിൽ സംരംഭകർക്ക് അനുമതി നൽകുക എന്നീ ലക്ഷ്യങ്ങൾക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു ഇൻവെസ്റ്റ്മെന്റ് & പ്രൊമോഷൻ ഫെസിലിറ്റേഷൻ സെല്ലും രൂപീകരിച്ചിരിച്ചിട്ടുണ്ട്. |

Bindu T

**സെക്ഷൻ ഓഫീസർ**